# ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)എറണാകുളം

പാർക്ക് അവന്യൂ, എറണാകുളം - 682 011

☎ 0484 -2360802 ✉ dmohekmoffice@gmail.com


**ഭരണഭാഷ മാതൃഭാഷ**

**രജിസ്റ്റേർഡ് കത്ത് കൈപ്പറ്റ് രസീത് സഹിതം**

നമ്പർ : എ6-269864/2023 തീയതി: 08.01.2025

## അനുബന്ധം - H4

## കാരണം കാണിക്കൽ നോട്ടീസ്

ശ്രീമതി. ചിഞ്ചു കെ.ദത്ത് എന്ന താങ്കൾ, ഗോതുരുത്ത് കുടുംബാരോഗ്യകേന്ദ്രത്തിൽ സ്റ്റാഫ് ലാബ് ടെക്നീഷ്യൻ ഗ്രേഡ്II തസ്തികയിൽ ജോലി നോക്കിവരവെ, 06.06.2023 തീയതി മുതൽ അനധികൃതമായി അവധിയിൽ പ്രവേശിക്കുകയും സേവനത്തിൽ നിന്നും വിട്ടുനില്ക്കുകയും ചെയ്ത് വരുന്നു. 19.04.2023-ൽ സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബോഷൻ പൂർത്തീകരിക്കുന്നതിന് മുമ്പായി 06.06.2023 മുതൽ അവധി അനുവദിച്ച് കിട്ടാതെ തന്നെ അനധികൃതമായി ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരിക്കുന്നു.

മേൽക്കാരണങ്ങളാൽ, താങ്കളുടെ Work & Conduct തൃപ്തികരമല്ല. ഈ സാഹചര്യത്തിൽ 1958-ലെ KS&SSR Part II ചട്ടം 19(a)(ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും താല്ക്കാലികമായി തീരുമാനിക്കുന്നു. ടി. തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

ടി. വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൻസംബന്ധമായ വിശദീകരണം താങ്കളിൽ നിന്നും ടി. കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഡോ. ആശാദേവി,
ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം),
എറണാകുളം.

**സ്വീകർത്താവ് :** ശ്രീമതി. ചിഞ്ചു കെ.ദത്ത്

**പകർപ്പ് :**

1. മെഡിക്കൽ ആഫീസർ-ഇൻ-ചാർജ്ജ്, കുടുംബാരോഗ്യകേന്ദ്രം, ഗോതുരുത്ത്.
2. ഫയൽ/കരുതൽ ഫയൽ.

ബി.ഐ.